*പട്ടിക 1.5.1 : പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ*

| *ക്രമ നമ്പർ* | *പ്രത്യാഘാതം* | *വിശദീകരണം* |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ | 4 കുടുംബങ്ങൾക്ക് പാരമ്പര്യമായ് ലഭിച്ച ഫല ഭൂയിഷ്ഠമായ കൈവശഭൂമിയിൽ കുറവ് വരുന്നു |
| 2 | ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന ഭൂമി പുനരുപയോഗത്തിന് ഉപയുക്തമല്ലാതായി തീരുമെന്നുള്ള ആശങ്ക | ശ്രീ.കെ.ജി. ലൂയിസിൻെറ (Late) ഉടമസ്ഥതയിലുള്ള, 3 അവകാശികൾക്കായി നൽകുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഒരു ഖണ്ഡം നിലവിലെ മാർക്കിങ്ങ് പ്രകാരം രണ്ടായി മുറിഞ്ഞു പോകുമെന്നതിനാൽ പ്രസ്തുത പ്ലോട്ട് അവകാശിക്ക് പുനരുപയോഗിക്കാൻ കഴിയില്ല എന്ന് ഭൂവുടമയുടെ കുടുംബം അഭിപ്രായപ്പെട്ടു |
| 3 | റോഡിൽ നിന്ന് പ്രവേശനം നഷ്ടമാകും. | നിലവിലെ മാർക്കിങ്ങ് പ്രകാരം ഏറ്റെടുക്കുമ്പോൾ ശ്രീ.ജോർജ് അഗസ്റ്റിൻെറയും ശ്രീമതി റോസ്മേരിയുടെയും ഭൂമിയിലേക്ക് റോഡിൽ നിന്ന് പ്രവേശനം നഷ്ടമാകും. |
| 4 | പദ്ധതിയുമായ് ബന്ധപ്പെട്ട് ഉണ്ടാകുവാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പരിസരവാസികൾക്കുള്ള ആശങ്കകൾ | വെറ്റ്വെല്ലിൽ ശേഖരിക്കപ്പെടുന്ന മലിന ജലം പരിസരപ്രദേശത്തുള്ള കുടിവെള്ളസ്രോതസുകൾ മലിനമാക്കിയേക്കാം എന്നും മലിനജലം ഒഴുകിയെത്തുന്ന പൈപ്പുകളിൽ തടസങ്ങളോ ചോർച്ചയോ ഉണ്ടായാൽ ദുർഗന്ധവും പരിസരമലിനീകരണവും ഉണ്ടായേക്കാമെന്നതിനാൽ പദ്ധതി പ്രദേശത്തെ തുടർജീവിതം അനാരോഗ്യകരമാക്കിയേക്കാം എന്നും പ്രദേശത്തെ ജനപ്രതിനിധിയും പരിസരവാസികളും ഭൂവുടമകളും ആശങ്കപ്പെടുന്നു |

## ലഘൂകരണ നടപടികൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരവും, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 ലെ ചട്ടങ്ങൾ പ്രകാരവും ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെയാണ് നിയമാനുസൃതമായി ഉടമകൾക്ക് കൈവശഭൂമി നഷ്ടമാകുന്നത് മൂലമുള്ള പ്രത്യാഘാതങ്ങൾ

തീയതിയിലും 1 ഉടമയുമായി 14/1/2025 തീയതിയിലും പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെ വിവരങ്ങൾ ശേഖരിച്ചു. സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന ഉടമയുമയെ 2/1/2025 തീയതിയിൽ ടെലഫോണിൽ ബന്ധപ്പെട്ട് വിവരശേഖരണം നടത്തി. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. പദ്ധതിമൂലം പൊതുസമൂഹ ത്തിനുണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ മനസിലാക്കുന്നതിന് 2/01/2025 തീയതിയിൽ പ്രിയദർശിനി നഗർ റെസിഡൻസ് അസോസിയേഷൻ വൈസ് പ്രസിഡൻറിനെയും പദ്ധതി പ്രദേശത്തിന് സമീപം താമസിക്കുന്ന കുടുംബനാഥനെയും ബന്ധപ്പെട്ട് അഭിപ്രായങ്ങൾ ആരാഞ്ഞു. കൂടാതെ 2//1/2025 തീയതിയിൽ കൊച്ചി കോർപ്പറേഷൻ കാര്യാലയത്തിൽ പദ്ധതി പ്രദേശത്തിൻെറ ജനപ്രതിനിധിയുമായി അഭിമുഖം നടത്തി.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്യൂട്ടി കളക്ടർ കൊച്ചി മെട്രോ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

ഭൂവുടമകൾക്കും പ്രദേശവാസികൾക്കും പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ പങ്ക് വെയ്ക്കുന്നതിനും, സാമുഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന രേഖയിലേയ്ക്ക് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പങ്ക് വെയ്ക്കുന്നതിനുമായി കോന്തുരുത്തിയിലുള്ള യൂത്ത് ലീഗ് പബ്ലിക് ലൈബ്രറിയിൽ 25/2/2025 തീയതി 11 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പബ്ലിക് ഹിയറിങ്ങിന് മുന്നോടിയായി സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ ഏജൻസിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും, ഡെപ്യൂട്ടി കളക്ടർ കൊച്ചി മെട്രോ കാര്യാലയം, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കാര്യാലയം, കൊച്ചി കോർപ്പറേഷൻ, വില്ലേജ് ഓഫീസ് എന്നി വിടങ്ങളിൽ ലഭ്യമാക്കുകയും ചെയ്യും. പബ്ലിക് ഹിയറ്റിങ്ങിൽ പങ്ക് വെയ്ക്കപ്പെടുന്ന അഭിപ്രായങ്ങളും ആശങ്കകളും കൂടി പരിഗണിച്ചുകൊണ്ടായിരിക്കും പഠനത്തിൻെറ അന്തിമ രേഖ തയ്യാറാക്കുന്നത്

## 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗ വും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

2024 നവംബർ 15 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3644 ൽ പ്രസി ദ്ധപ്പെടുത്തിയ 2024 നവംബർ 7 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ നമ്പർ നമ്പർ സി11–1036/23 ഫോറം 4 വിജ്ഞാപനം അനുസരിച്ച് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കു ന്ന ഭൂമി "നിലം" വിഭാഗത്തിൽ പെടുന്നു.

പദ്ധതി പ്രദേശം ഉടമകൾ നിലവിൽ കൈവശഭൂമിയായി മാത്രം ഉപയോഗിക്കുന്നു. പദ്ധതി പ്രദേശത്ത് തെങ്ങ്, മാവ്, വാഴ തുടങ്ങിയവയുണ്ട്

## 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥല ത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിബാധിത ഭൂമി ഉടമകൾക്ക് പാരമ്പര്യസ്വത്തായി ലഭിച്ചതാണ്. പ്രസ്തുത ഭൂവിഭാഗങ്ങൾ ഉടമകളുടെ വ്യക്തിഗത ഉടമസ്ഥതയിലാണുള്ളത്. പദ്ധതിപ്രദേശത്ത് 2 വശങ്ങളിൽ ചുറ്റുമതിലുണ്ട് എന്നതൊഴിച്ചാൽ വീടുകളോ മറ്റ് നിർമ്മിതികളോ ഇല്ല.

## 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

ഭൂവുടമയിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് കഴിഞ്ഞ 3 വർഷകാലത്തിനിടയിൽ പദ്ധതിപ്രദേശത്ത് കൈമാറ്റങ്ങൾ നടന്നിട്ടില്ല

***പട്ടിക 5.1.1 ഭൂവുടമകൾ, പദ്ധതിബാധിത ഭൂമിയിലെ ചമയങ്ങൾ, ആശങ്കകൾ***

| *ക്രമ നമ്പർ* | **ഭൂവുടമയുടെ പേരും വിലാസവും** | **ചമയങ്ങൾ** | **ഭൂവുടമകൾ പങ്ക് വെച്ച ആശങ്കകൾ** |
|---|---|---|---|
| 1 | ജോർജ് അഗസ്റ്റ്യൻ കെ.<br>കവലപറമ്പിൽ<br>"റോസ്മിൻ"<br>കാട്ടായിൽ റോഡ്<br>മദർ തെരേസ ലെയിൻ<br>കലൂർ<br>ഫോൺ: 9895692641 | ചുറ്റുമതിൽ, തെങ്ങുകൾ, വാഴകൾ | നിലവിലെ മാർക്കിങ്ങ് പ്രകാരം ഏറ്റെടുക്കുമ്പോൾ ഭൂമിയിലേക്ക് റോഡിൽ നിന്ന് പ്രവേശനം നഷ്ട മാകും. ആയതിനാൽ പദ്ധതി രൂപ രേഖയിൽ മാറ്റം വരുത്തുകയോ, ടി സ്ഥലം പൂർണ്ണമായി ഏറ്റെടുക്കു കയോ ചെയ്യണം എന്ന് ഭൂവുടമ ആവശ്യപ്പെടുന്നു. ടി വിഷയത്തിൽ ജില്ലാ കളക്ടർക്കും കെ.എം.ആർ. എൽ. നും അപേക്ഷ നൽകിയെങ്കി ലും തനിക്ക് മറുപടി ലഭിച്ചില്ല എന്ന ത് ഭൂവുടമ ഒരുആശങ്കയായി പഠന യൂണിറ്റിനോട് പങ്ക് വെച്ചു |
| 2 | കെ.ജി. സെബാസ്റ്റ്യൻ<br>കവലപറമ്പിൽ<br>കോന്തുരുത്തി<br>ഫോൺ: 9447118469 | ചുറ്റുമതിൽ, തെങ്ങുകൾ, വാഴകൾ, മാവ് | വെറ്റ്വെൽ പദ്ധതി നിലവിൽ വരു മ്പോൾ ഏറ്റെടുക്കലിനുശേഷം അവ ശേഷിക്കുന്ന ഭൂമി വിനിമയത്തി നോ പുനരുപയോഗത്തിനോ ഉപയു ക്തമല്ലാതാകും എന്ന് ഭൂവുടമ ആശ ങ്കപ്പെടുന്നു. ആയതിനാൽ ടി സ്ഥലം പൂർണ്ണമായി ഏറ്റെടുക്കണം എന്ന് ഭൂവുടമ ആവശ്യപ്പെടുന്നു |
| 3 | കെ.ജി. ലൂയിസ് (Late)<br>കവലപറമ്പിൽ<br>കോന്തുരുത്തി<br>ഫോൺ: 9446292351<br>(മാർഗരറ്റ്) | | ഏറ്റെടുക്കപ്പെടുന്ന പ്ലോട്ട് മകൾക്ക് കൈമാറാനിരുന്ന ഭൂമിയാണ്. ഏറ്റെ ടുക്കലിനുശേഷം പ്രസ്തുത ഭൂമി രണ്ടായി മുറിഞ്ഞ്പോകും എന്ന തിനാൽ പിന്നീട് മകൾക്ക് ഭൂമി ഉപ യോഗയോഗ്യമല്ലാതായ് തീരും എ ന്ന് ഭൂവുടമ ആശങ്കപ്പെടുന്നു. ആയ തിനാൽ ടി പ്ലോട്ട് പൂർണ്ണമായി ഏറ്റെടുക്കണം എന്ന് ഭൂവുടമ ആവ ശ്യപ്പെടുന്നു |
| 4 | റോസ്മേരി ബോണി<br>ഫ്ലാറ്റ് നമ്പർ.304,3rd ഫ്ലോർ<br>ശ്രീ ബനേക ഹോം സ്<br>1st മെയിൻ, 3 rd ക്രോസ്,<br>ഭാരതി ലെയൗട്ട്<br>എസ്.ജി.പാളയ,<br>ഡി.ആർ.സി.പോസ്റ്റ്<br>ബാംഗ്ളൂർ: 560029<br>ഫോൺ: 9945514291 | തെങ്ങ് | വീട് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന, ഭൂമിയിൽ കുറവ് വരുന്നതിനാൽ വീട് നിർമ്മാണത്തിന് ഭൂമി അപര്യാ പ്തമാകും. ആയതിനാൽ ടി സ്ഥലം പൂർണ്ണമായി ഏറ്റെടുക്കണം എന്ന് ഭൂവുടമ ആവശ്യപ്പെടുന്നു |

പ്രസ്തുത നടപടികൾ പ്രദേശവാസികളെയും ജനപ്രതിനിധിയെയും സുതാര്യതയോടുകൂടി ബോധ്യപ്പെടുത്തി, അവരുടെ ആശങ്കകൾ ദൂരികരിച്ചുകൊണ്ട് പദ്ധതി നിർവഹണം നടപ്പിലാക്കണം.

## 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരവും ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകുക. കൂടാതെ ഇനി പറയുന്ന നിർദ്ദേശങ്ങളും പ്രത്യാഘാത ലഘൂകരണത്തിനായി പരിഗണിക്കുക.

- ശ്രീ.ലൂയീസിൻെറ ഉടമസ്ഥതയിലുള്ള ഭൂമി നിലവിലെ മാർക്കിങ്ങ് പ്രകാരം ഏറ്റെടുക്കുമ്പോൾ, പ്രസ്തുത പ്ലോട്ട് രണ്ടായി മുറിഞ്ഞുപോകുമെന്നതിനാൽ, നിർദ്ദിഷ്ട പ്ലോട്ട് മുഴുവനായി ഏറ്റെടുക്കണമെന്ന ഭൂവുടമയുടെ അഭ്യർത്ഥന, നിജസ്ഥിതി പരിശോധിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കുക.
- ശ്രീ.ജോർജിൻെറയും ശ്രീമതി റോസ്മേരിയുടെയും ഭൂമിയിലേക്ക് പ്രവേശനം നഷ്ടമാകുന്ന വിധത്തിലാണ് നിലവിലെ മാർക്കിങ്ങ് എന്നതിനാൽ അലൈൻമെൻറിൽ മാറ്റം വരുത്തുകയോ, ഭൂമി പൂർണ്ണമായി ഏറ്റെടുക്കുകയോ ചെയ്യണമെന്ന ഭൂവുടമകളുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് നിലവിലെ മാർക്കിങ്ങിൻെറ നിജസ്ഥിതി പരിശോധിക്കേണ്ടതും സാധ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്
- പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതിന് മുൻപ്, പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെ ആശങ്ക ദൂരീകരിക്കുന്നതിനും ജനപ്രതിനിധികൾ, പ്രദേശവാസികൾ ഉൾപ്പെടുന്ന റെസിഡൻറ്സ്

